പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 833

02/12/2015 –ൽ
മറുപടിയ്ക്കു്

<u>മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി</u>

<u>ചോദ്യം</u>

ശ്രീ. റ്റി.വി. രാജേഷ്

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ 07/08/2015 –ന് ഉത്ഘാടനം കഴിഞ്ഞ ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സമെന്താണ്; പ്രാരംഭ ഘട്ടത്തിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ക്ഷേത്രകലാ അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും ബില്ലുകൾ വൗച്ചറുകൾ എന്നിവ യഥാസമയം അക്കാദമി ഭരണ സമിതി പാസ്സാക്കി തലശ്ശേരി അസിസ്റ്റൻറ് കമ്മീഷണർ മുഖാന്തിരം ദേവസ്വം ബോർഡിലേക്ക് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല. ഇക്കാരണത്താൽ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രവർത്തനത്തിൻെറ ആദ്യഘട്ടമായി വാദ്യം, പൂരക്കളി, തിടമ്പ്, നൃത്തം എന്നീ കലകളാണ് അഭ്യസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ